**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5204** **27/06/2019 ൽ മറുപടിയ്ക്ക്**

## കോട്ടയം ജില്ലാ ആശുപത്രിയിലെ ഒക്കുപേഷണൽ തെറാപിസ്റ്റ് നിയമനം

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പഠനവൈകല്യം നിർണ്ണയിക്കുകയും, അതിന്റെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്ന മെഡിക്കൽ ബോർഡിലെ അംഗങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | 1.മെഡിക്കൽ സൂപ്രണ്ട്/ ചീഫ് മെഡിക്കൽ ആഫീസർ<br>2.പീഡിയാട്രീഷ്യൻ /പീഡിയാട്രിക് ന്യൂറോളജിസ്റ്റ്<br>3.ക്ലിനിക്കൽ സൈക്കോളജിസ്റ്റ്<br>4.ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് /സ്പെഷ്യൽ എഡ്യൂക്കേറ്റർ /എ്സ്.സി.ഡി ട്രെയിനിംഗ് ലഭിച്ച ടീച്ചർ |
| (ബി) | കോട്ടയം ജില്ലാ ആശുപത്രിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും, പീഡിയാട്രീഷ്യന്റെയും സേവനം ലഭ്യമാണെങ്കിലും ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ അഭാവം മൂലം പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുമോ; | (ബി) യും (സി) യും | കോട്ടയം ജില്ലാ ആശുപത്രിയിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ അനുവദനീയമായ തസ്തിക നിലവിലില്ല. ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ അഭാവത്തിലും സൂപ്രണ്ട്, പീഡിയാട്രീഷ്യൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവർ ചേർന്ന് മെഡിക്കൽ ബോർഡ് കൂടി സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നപരിഹാരത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ